**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 29** **07-10-2024 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സിനിമാ മേഖലയിലെ ലൈംഗിക അതിക്രമങ്ങൾ, പോക്സോ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിനായി ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി രൂപീകരിച്ച കമ്മിറ്റി 31.12.2019-നാണ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചത്.<br><br>ജസ്റ്റിസ് കെ. ഹേമ സർക്കാരിന് അയച്ച കത്തിൽ റിപ്പോർട്ടിലെ വിവരങ്ങളുടെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കണമെന്ന് പറഞ്ഞിരുന്നു.<br><br>ഹേമ കമ്മിറ്റി റിപ്പോർട്ട് വിവരാവകാശ നിയമ പ്രകാരം വെളിപ്പെടുത്താൻ നിർവ്വാഹമില്ലെന്ന് 22.10.2020-ന് മുഖ്യ വിവരാവകാശ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>മലയാള സിനിമയിൽ സ്ത്രീകൾ ലൈംഗിക ചൂഷണം നേരിടുന്നുവെന്ന പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് സംസ്ഥാന പോലീസ് മേധാവിക്ക് 06.02.2021-ൽ നൽകിയിരുന്നു. ഇപ്പോൾ വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണ്; റിപ്പോർട്ട് ലഭിച്ചയുടൻ പോക്സോ ആക്ട്, ഭാരതീയ ന്യായ സംഹിത എന്നിവ അനുശാസിക്കുന്ന പ്രകാരമുള്ള തുടർനടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിക്കുന്നതിനായി ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി രൂപീകരിച്ച കമ്മിറ്റി 31.12.2019-നാണ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചത്.<br><br>ജസ്റ്റിസ് കെ. ഹേമ സർക്കാരിന് അയച്ച കത്തിൽ റിപ്പോർട്ടിലെ വിവരങ്ങളുടെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കണമെന്ന് പറഞ്ഞിരുന്നു. |

| | | | |
|---|---|---|---|
| | | | ഹേമ കമ്മിറ്റി റിപ്പോർട്ട് വിവരാവകാശ നിയമ പ്രകാരം വെളിപ്പെടുത്താൻ നിർവ്വാഹമില്ലെന്ന് 22.10.2020-ന് മുഖ്യ വിവരാവകാശ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>മലയാള സിനിമയിൽ സ്ത്രീകൾ ലൈംഗിക ചൂഷണം നേരിടുന്നുവെന്ന പരാതിയിന്മേൽ അന്വേഷണം നടത്തുന്നതിന് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് സംസ്ഥാന പോലീസ് മേധാവിക്ക് 06.02.2021-ൽ നൽകിയിരുന്നു. ഇപ്പോൾ വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് ഹേമ സർക്കാരിനോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. റിപ്പോർട്ടിലെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് കെ. ഹേമ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ